# ഈ ലോകം
# (The World)

**ദിനം 1. ഈ ലോകത്തെ ദൈവം സൃഷ്ടിച്ചു**

**കൊലോസ്യർ 1:16**
16സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ദൃശ്യവും അദൃശ്യവും ആയ സകലവും, സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചകളോ അധികാരങ്ങളോ എല്ലാംതന്നെ ക്രിസ്തുമുഖാന്തരവും ക്രിസ്തുവിനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

*പ്രപഞ്ചവും അതിലുള്ള സകലതും സൃഷ്ടിച്ച ദൈവം ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവാകുന്നു; (അപ്പ 17:24)*

"ലോകം" എന്ന വാക്ക് പൊതുവേ നെഗറ്റീവായ ഒരു കാഴ്ചപ്പാടിലൂടെയാണ് ഉപയോഗിക്കപ്പെടുന്നത്. എന്നാൽ ദൈവം അതിനെ സൃഷ്ടിച്ചത് നല്ലതായിട്ടാണ്. ഈ ലോകത്തിലെ വിവിധങ്ങളായ നിറങ്ങളെയും രൂപങ്ങളെയും, അവയിലെ മൃഗങ്ങളെയും പക്ഷികളെയും, പുഷ്പങ്ങളെയും ഫലങ്ങളെയും കുറിച്ച് ചിന്തിച്ചുനോക്കുക... എത്ര സുന്ദരമാണ് അവയെല്ലാം?

**പ്രായോഗികമായി:**
ദൈവത്തിന്റെ സുന്ദരമായ സൃഷ്ടികളെക്കുറിച്ച് ഓർത്ത് ദൈവത്തെ സ്തുതിക്കാൻ സമയം ചിലവഴിക്കുക. നിങ്ങൾ നിരീക്ഷിച്ചിട്ടുള്ള മൃഗങ്ങളിലും പക്ഷികളിലും പഴങ്ങളിലും ഫലങ്ങളിലും പൂക്കളിലുമെല്ലാം നിങ്ങൾക്ക് സവിശേഷത തോന്നിയ കാര്യങ്ങൾ ദൈവത്തോടു പറയുക.

**ദിനം 2: ദൈവം ഈ ലോകത്തെ സ്നേഹിച്ചു.**

**യോഹന്നാൻ 3:16–18**
16തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ സ്നേഹിച്ചു. 17ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ കുറ്റം വിധിക്കുവാനല്ല, അവനിലൂടെ ലോകത്തെ രക്ഷിക്കുവാനാണ്. 18അവനിൽ വിശ്വസിക്കുന്ന ആർക്കും ശിക്ഷാവിധി ഇല്ല; എന്നാൽ വിശ്വസിക്കാത്തവർക്കോ, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ, ശിക്ഷാവിധി വന്നുകഴിഞ്ഞു.

ദൈവം ഈ ലോകത്തെ സ്നേഹിക്കുന്നു. താൻ സൃഷ്ടിച്ച ഈ സുന്ദരലോകം ദുഷിച്ചുപോകാൻ ദൈവം ആഗ്രഹിച്ചില്ല. ഈ ലോകത്തെ കുറ്റംവിധിക്കാനും ദൈവം ആഗ്രഹിച്ചില്ല. ഈ ലോകത്തെ രക്ഷിക്കണമെന്ന മനസ്സാണ് ദൈവത്തിനുണ്ടായിരുന്നത്.

ഈ ലോകത്തെ രക്ഷിക്കാനായി കാലാകാലങ്ങളിൽ ദൈവം പലരിലൂടെ തന്റെ വചനം നല്കിക്കൊണ്ടിരിക്കുന്നു. എന്നിട്ടുപോലും ഈ ലോകം ദുഷിപ്പിലേക്കു കുതിച്ചു. എന്നാൽ ഈ ലോകത്തെ രക്ഷിക്കാനായി ദൈവം തന്റെ ഏകജാതനെ അയച്ചു. ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിക്കുന്നു.

**പ്രായോഗികമായി:**
ദൈവത്തിന്റെ സ്നേഹത്തെ ഓർത്ത് അവിടുത്തേക്കു നന്ദിപറയുക. യേശുവിലൂടെ അനുഭവപ്പെടുന്ന ദൈവസ്നേഹം എത്രവ്യത്യസ്തമായ ഒരു അനുഭവമായിരുന്നെന്നും ദൈവത്തോടു പറയുക.

**3. യേശു ഈ ലോകത്തിന്റെ വെളിച്ചമാണ്.**

**യോഹന്നാൻ 8:12–13**
12യേശു വീണ്ടും ജനങ്ങളോടു സംസാരിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുളിൽ നടക്കേണ്ടിവരികയില്ല; അവൻ ജീവന്റെ പ്രകാശം ഉള്ളവൻ ആയിരിക്കും". 13പരീശന്മാർ അദ്ദേഹത്തോട്, "താങ്കൾ താങ്കളെക്കുറിച്ചുതന്നെ സാക്ഷ്യം പറയുന്നു, അതു സത്യമല്ല" എന്നു പറഞ്ഞു.

സൂര്യന്റെ ശോഭയാർന്ന പ്രകാശത്തോട് യേശു സ്വയം താരതമ്യപ്പെടുത്തുന്നു. യഹൂദരെ സംബന്ധിച്ച് സൂര്യൻ എന്നത് യഹോവയായ ദൈവത്തെ സൂചിപ്പിക്കുന്ന ഒരു അടയാളമായിരുന്നു (സങ്കീർത്തനം 84:11)

യേശു ഈ ലോകത്തിന്റെ വെളിച്ചമാണ്, സൗരയൂഥത്തിൽ സൂര്യനെപ്പോലെ. സൗരയൂഥത്തിന്റെ കേന്ദ്രസ്ഥാനവും ജീവന്റെ ഉറവിടസ്ഥാനവും സൂര്യനാണ്. സൂര്യവെളിച്ചത്തിൽ നടക്കുമ്പോൾ നാം ഇരുളിൽ തപ്പിനടക്കുന്നില്ല.

നിങ്ങൾക്ക് എന്തു തോന്നുന്നു? യേശുവിന്റെ സാക്ഷ്യം ശരിയായതാണോ? ഈ ലോകത്തിന്റെ വെളിച്ചം യേശു ആണ് എന്നതിനെക്കുറിച്ച് നിങ്ങളുടെ ചിന്തകൾ എന്തൊക്കെയാണ്?

**പ്രായോഗികമായി:**
യേശുവിനെ കർത്താവും രക്ഷകനുമായി ഉൾക്കൊണ്ട ദിവസത്തെക്കുറിച്ച് ഓർക്കുക. ഇരുളിൽനിന്നും വെളിച്ചത്തിലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടുവന്നതിനെക്കുറിച്ച് ഓർക്കുക. ഇതിലൂടെയെല്ലാം പ്രാർത്ഥിക്കുക.

### ദിനം 4: വെളിച്ചം ലോകത്തിലേക്കു വന്നു

**യോഹന്നാൻ 3:19-21**
19ശിക്ഷാവിധി എന്നതോ, വെളിച്ചം ലോകത്തിലേക്കു വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തിനു പകരം ഇരുളിനെ സ്നേഹിച്ചതുതന്നേ. 20തിന്മ ചെയ്യുന്ന ഏതൊരാളും വെളിച്ചത്തെ വെറുക്കുന്നു; തന്റെ പ്രവൃത്തികൾ പരസ്യമാകും എന്ന ഭയം നിമിത്തം വെളിച്ചത്തിലേക്കു വരുന്നതുമില്ല. 21എന്നാൽ സത്യം അനുസരിച്ചു ജീവിക്കുന്നവർ തങ്ങളുടെ പ്രവൃത്തി ദൈവം മുഖേന ചെയ്തതെന്നു വെളിപ്പെടുവാൻ വെളിച്ചത്തിലേക്കു വരുന്നു.

പൊതുവേ ആളുകൾ സ്നേഹിക്കുന്നത് എന്തിനെയാണ് - ഇരുളിനെയോ അതോ വെളിച്ചത്തെയോ? ഇരുളിനെ
എന്തുകൊണ്ടാണിത്? അവരുടെ പ്രവൃത്തികൾ തിന്മയായതുകൊണ്ട്
ആരാണ് വെളിച്ചത്തെ വെറുക്കുന്നത്? തിന്മ പ്രവർത്തിക്കുന്നവരെല്ലാം
എന്തുകൊണ്ടാണ് ആളുകൾ വെളിച്ചത്തിലേക്കു വരാതിരിക്കുന്നത്? അവർ ചെയ്യുന്ന ഇരുട്ടിന്റെ പ്രവൃത്തികൾ വെളിപ്പെടുമെന്ന ഭയം കൊണ്ട്.
ആരൊക്കെയാണ് വെളിച്ചത്തിലേക്കു വരുന്നത്? സത്യം പ്രവർത്തിക്കുന്നവരെല്ലാം.

**പ്രായോഗികമായി:**
ഇന്നു നമ്മൾ എന്തിനെയാണു സ്നേഹിക്കുന്നത് - ഇരുളിനെയാണോ അതോ വെളിച്ചത്തെയാണോ? എന്തുകൊണ്ടാണിത്? ഇക്കാര്യത്തെപറ്റി ദൈവവുമായി ഒരു ആശയവിനിമയം നടത്തുക.

### ദിനം 5: ലോകം യേശുവിനെ തിരിച്ചറിഞ്ഞില്ല

**യോഹന്നാൻ 1:9-11**
9ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു കൊണ്ടിരുന്നു. 10അവിടുന്നു ലോകത്തിൽ ഉണ്ടായിരുന്നു; ലോകം ഉളവായതിനു ഹേതു അവിടുന്നുതന്നേ; എങ്കിലും ലോകം അവിടുത്തെ തിരിച്ചറിഞ്ഞില്ല. 11അവിടുന്നു സ്വന്തമായതിലേക്കു വന്നു; എന്നാൽ സ്വന്തക്കാർ അവിടുത്തെ സ്വീകരിച്ചില്ല.

“ലോകം അവിടുത്തെ തിരിച്ചറിഞ്ഞില്ല” എന്നു നാം വായിക്കുന്നു, എന്താണ് അതിനർത്ഥം?
നിങ്ങൾക്കു വേണ്ടപ്പെട്ട ഒരാൾ നിങ്ങളെ തിരിച്ചറിഞ്ഞില്ല എങ്കിൽ നിങ്ങൾക്കെന്തു തോന്നും?
യേശുവിനെ തിരിച്ചറിഞ്ഞു എന്ന് ഒരാൾക്ക് എപ്രകാരം പറയാൻ സാധിക്കും?

**പ്രായോഗികമായി:**
കൂടുതലായി ഏതു രീതിയിൽ യേശുവിനെ തിരിച്ചറിയാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? യേശുവിനോടു ഇക്കാര്യം സംസാരിക്കുക.

**ദിനം 6: ലോകമെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടും**

**മത്തായി 24:12-14**
12ദുഷ്ടത പെരുകുന്നതുകൊണ്ട് അനേകരുടെയും സ്നേഹം തണുത്തുപോകും; 13എന്നാൽ അന്ത്യംവരെയും സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും. 14രാജ്യത്തിന്റെ ഈ സുവിശേഷം എല്ലാ ജനതകൾക്കും ഒരു സാക്ഷ്യമായി ലോകത്തിലെല്ലാം പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

അനേകരുടെ സ്നേഹം തണുത്തുപോകാൻ ഇടയാകുന്നത് എന്തുകൊണ്ടായിരിക്കും? നമ്മുടെ ജീവിതം നോക്കുകയാണെങ്കിൽ വർദ്ധിക്കുന്നത് എന്താണ് - ദുഷ്ടതയാണോ അതോ ദൈവീകതയാണോ?

മരണംവരെ ഉറച്ചു നില്ക്കാനുള്ള ഒരു തീരുമാനം നമുക്കുണ്ടോ? ഇക്കാര്യത്തിൽ നാം ഒരു തീരുമാനമെടുത്തില്ലെങ്കിൽ, വീണുപോകാനുള്ള സാദ്ധ്യത ഏറെയാണ്.

സുവിശേഷം ലോകം മുഴുവനും പ്രസംഗിക്കപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

**പ്രായോഗികമായി:**
സുവിശേഷം അറിയിക്കാനായി നിങ്ങൾ എപ്രകാരം ആഗ്രഹിക്കുന്നു? അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

**ദിനം 7: ലോകസൃഷ്ടിക്കുമുമ്പേ ഒരുക്കിവച്ച രാജ്യം**

**മത്തായി 25:34-36**
34പിന്നെ രാജാവു തന്റെ വലതുഭാഗത്തുള്ളവരോടു പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസൃഷ്ടിമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. 35എനിക്കു വിശന്നു; നിങ്ങൾ എനിക്ക് ആഹാരം തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു; ഞാൻ പരദേശി ആയിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു; 36ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ വസ്ത്രം ധരിപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു".

ലോക സൃഷ്ടിക്കുമുന്നേതന്നെ ഒരുക്കിവച്ചിരിക്കുന്നത് എന്താണ്?

ആർക്കുവേണ്ടിയാണ് ഇത് ഒരുക്കിവച്ചിട്ടുള്ളത്?

"അവകാശമാക്കുവിൻ" എന്ന വാക്ക് നിങ്ങളുടെ മനസ്സിലേക്കു കൊണ്ടുവരുന്ന ആശയങ്ങൾ എന്തൊക്കെയാണ്?

**പ്രായോഗികമായി:**
35-36 വാക്യങ്ങളെ അടിസ്ഥാനമാക്കി എന്തെങ്കിലും ചെയ്യുക.

**ദിനം 8: വിജാതീയലോകം ഇക്കാര്യങ്ങൾ തേടുന്നു**

**ലൂക്കോസ് 12:29-31**
29നിങ്ങൾ എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ അന്വേഷിക്കരുത്; അതിനെപ്പറ്റി വ്യാകുലപ്പെടുകയുമരുത്. 30ലോകജാതികൾ ഈവക കാര്യങ്ങളെല്ലാം അന്വേഷിക്കുന്നു; നിങ്ങളുടെ പിതാവോ ഇവ നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നു. 31അവിടുത്തെ രാജ്യം അന്വേഷിപ്പിൻ; അതോടുകൂടി ഇവയെല്ലാം നിങ്ങൾക്കുകിട്ടും.

സ്വർഗ്ഗീയനായ നമ്മുടെ പിതാവ് നമ്മുടെ സകല ആവശ്യങ്ങളും അറിയുന്നുവെന്നും; വേണ്ടതെല്ലാം അവൻ നിറവേറ്റിത്തരുന്നുവെന്നും ഇനിയും നിറവേറ്റുമെന്നുമുള്ള ഒരു ഉറപ്പാണ് ഈ വചനം നമുക്കു നല്കുന്നത്.

ദൈവത്തെ അറിയാത്ത ഒരു വിജാതീയലോകമാണ് ഇതിന്റെയെല്ലാം പിറകേ ഓടുന്നത് എന്നു നാം കണ്ടു; നാം എന്തിനു പിന്നാലെയാണ് ഓടേണ്ടത്?

എന്തു ഭക്ഷിക്കുമെന്നോ കുടിക്കുമെന്നോ എന്ന കാര്യത്തിൽ നാം ഹൃദയം അർപ്പിക്കേണ്ടതില്ലെങ്കിൽ, പിന്നെ എന്തിലാണ് നാം ഹൃദയം അർപ്പിക്കേണ്ടത്?

**പ്രായോഗികമായി:**
"അവിടുത്തെ രാജ്യം അന്വേഷിപ്പിൻ" എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? ഇക്കാര്യത്തിനായി എന്തു ചെയ്യാൻ സാധിക്കും?

### ദിനം 9: ഇത്തരം കാര്യങ്ങളാൽ ലോകത്തിനു ദുരിതം

**മത്തായി 18:6-9**
6എന്നാൽ എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരാൾ പാപത്തിൽ അകപ്പെടുവാൻ ആരെങ്കിലും കാരണക്കാരൻ ആകുന്നുവെങ്കിൽ അയാളുടെ കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി അയാളെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തുന്നത് അയാൾക്ക് ഏറെ നല്ലത്. 7പാപത്തിനു കാരണമാകുന്ന കാര്യങ്ങൾ നിമിത്തം ലോകത്തിന് ഹാ കഷ്ടം! അത്തരം കാര്യങ്ങൾ ഉണ്ടാകേണ്ടതാണ്; എങ്കിലും ആരിലൂടെ അവ ഉണ്ടാകുന്നുവോ ആ മനുഷ്യന് ഹാ കഷ്ടം!

മനുഷ്യരെ വീഴ്ത്തുന്ന കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ നിങ്ങളുടെ മനസ്സിലേക്കു വരുന്ന ചിലകാര്യങ്ങൾ എന്തൊക്കെയാണ്? ഇവയെ നമുക്ക് ഇല്ലാതാക്കാൻ സാധിക്കുമോ? ഇത്തരം കാര്യങ്ങൾ വരുമെന്നു തന്നെയാണ് വേദപുസ്തകം പറയുന്നത്.

നാം ശ്രദ്ധപതിപ്പിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ഇത്തരം പാപപ്രലോഭനങ്ങൾ മറ്റുള്ളവർക്ക് കൊണ്ടുവരുന്നത് നമ്മൾ ആയിരിക്കരുത് - പ്രത്യേകിച്ച് വിശ്വാസികളുടെ കുടുംബത്തിലേക്ക്.

**പ്രായോഗികമായി:**
മറ്റുള്ളവർക്ക് ഇടർച്ചയാകാൻ കാരണമായേക്കാവുന്ന കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ എന്ന് പരിശോധിക്കുക, ദൈവം ഇവയെ എടുത്തുമാറ്റാൻ വേണ്ടി പ്രാർത്ഥിക്കുക.

### ദിനം 10: സർവ്വലോകവും നേടിയിട്ട് എന്തു പ്രയോജനം...?

**മത്തായി 16:26-27**
26ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അഥവാ ഒരുവനു തന്റെ ജീവനുവേണ്ടി എന്തു മറുവില കൊടുപ്പാൻ കഴിയും? 27മനുഷ്യപുത്രൻ തന്റെ പിതാവിന്റെ തേജസ്സോടെ ദൂതരുമായി വരും. അപ്പോൾ അവിടുന്ന് ഓരോ വ്യക്തിക്കും അവരവരുടെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കും.

"ലോകം മുഴുവൻ നേടുക", "ആത്മാവിനെ നഷ്ടപ്പെടുത്തുക" എന്നീ രണ്ടു പ്രയോഗങ്ങളെക്കുറിച്ച് നിങ്ങൾ എന്താണു ചിന്തിക്കുന്നത്?

തങ്ങളുടെ ആത്മാവിനു പകരമായി ആളുകൾക്ക് കൊടുക്കാൻ കഴിയുന്നത് എന്താണ്?

തങ്ങളുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം ദൈവം ആളുകൾക്കു നല്കുന്നത് എപ്പോഴാണ്?

**പ്രായോഗികമായി:**
നിങ്ങൾ വിശ്വാസത്തിൽ തന്നെയാണോ ജീവിക്കുന്നത് എന്ന് ആത്മപരിശോധന നടത്തുക, സ്വയം ശോധനചെയ്യുക (2 കൊരിന്ത്യർ 13:5)

### ദിനം 11: ലോകത്തിനു ജീവൻ നല്കുന്ന അപ്പം

**യോഹന്നാൻ 6:33, 51**
33"ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു ലോകത്തിനു ജീവൻ നല്കുന്നവൻ ആകുന്നു" എന്നു പറഞ്ഞു
51"സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന അപ്പമോ എന്റെ മാംസം ആകുന്നു".

യഹൂദരെ സംബന്ധിച്ച് നിഗൂഢതയേറിയ ഒരു കാര്യം തന്നെയായിരുന്നു മന്നാ. യേശുവിനെ കണ്ടവർക്കും അവിടുന്ന് നിഗൂഢതനിറഞ്ഞ ഒരു വ്യക്തിയായിരുന്നു. രാത്രിയിലാണ് സ്വർഗ്ഗത്തിൽനിന്നും മന്നാ പൊഴിഞ്ഞത്, ആത്മീകവും സാന്മാർഗ്ഗികവുമായ ഇരുട്ടിൽ പാപികളായ മനുഷ്യർ ഉഴന്നു നടന്ന സമയത്താണ് യേശു ഈ ഭൂമിയിലേക്കു വന്നതും.

മറുതലിച്ചു നിന്നിരുന്ന ആളുകൾക്കാണ് ദൈവം മന്നാ നല്കിയത്, ദൈവം തന്റെ കൃപയുടെ ആധിക്യത്താൽ നല്കിയ ഒരു ദാനമായിരുന്നു അത്. അവർ ചെയ്യേണ്ടത് ഇത്രമാത്രമായിരുന്നു – കുനിഞ്ഞ് മന്നാ പെറുക്കിയെടുക്കുക. അതിനവർ തയ്യാറായില്ലെങ്കിൽ സ്വർഗ്ഗീയമന്നായെ ചവിട്ടിമെതിച്ച് അവർ നടക്കുമായിരുന്നു.

ഒരു പാപിയിൽനിന്നും അകന്നിരിക്കുന്നവനല്ല ദൈവം. തന്നെത്താൻ വിനയപ്പെടുത്തി, ദൈവത്തിൽ നിന്നുമുള്ള സ്വർഗ്ഗീയ ദാനം സ്വീകരിക്കുകമാത്രമാണ് പാപിയുടെ ഭാഗത്തുനിന്നും ചെയ്യേണ്ടത്.

**പ്രായോഗികമായി:**
ലോകത്തിനു ജീവൻ നല്കുന്ന ഈ അപ്പത്തെ നിങ്ങൾ എത്രമാത്രം ഇഷ്ടപ്പെടുന്നു? നിങ്ങൾ അവനെ ഇഷ്ടപ്പെടുന്നു എന്ന് ദൈവം പറയുമോ?

### ദിനം 12: ഈ ലോകക്രമപ്രകാരമുള്ള ഒരു രാജ്യമല്ല

**യോഹന്നാൻ 18:36**
“എന്റെ രാജ്യം ഐഹികമല്ല” യേശു ഉത്തരം പറഞ്ഞു “അങ്ങനെയെങ്കിൽ യെഹൂദർ എന്നെ പിടിക്കാതിരിക്കാൻ എന്റെ ദൂതന്മാർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല”.

“എന്റെ രാജ്യം ഐഹികമല്ല” എന്ന പ്രസ്താവനയിലൂടെ, യേശുവിന്റെ രാജ്യത്തിന്റെ ഉറവിടം ഇവിടമല്ല എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ ലോകത്തിൽ അവിടുത്തെ രാജ്യം പരക്കുകയില്ല എന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല.

യേശുവിന്റെ രാജ്യം ഉത്ഭവിക്കുന്നത് സ്വർഗ്ഗത്തിൽനിന്നുമാണ്. യേശുവിന്റെ രാജ്യത്തിന്റെ അടിത്തറ സമാധാനമാണ്, അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സേവകർ പോരാട്ടത്തിനു തയ്യാരാകാതിരുന്നത്.

യേശുവും യേശുവിന്റെ കുരിശും പ്രതിനിധീകരിക്കുന്ന സ്വർഗ്ഗരാജ്യം സ്നേഹത്തിലും ത്യാഗത്തിലും, ദൈവീക നീതിയിലും അടിസ്ഥാനപ്പെടുത്തിയ ഒരു രാജ്യമാണ്; അതുകൊണ്ടുതന്നെയാണ് യഹൂദർക്ക് അത് ഇടർച്ചയും വിജാതീയർക്ക് അത് മൂഢത്വവുമാകുന്നത്.

**പ്രായോഗികമായി:**
ആദ്യം അവിടുത്തെ രാജ്യവും നീതിയും തേടുക എന്ന വാക്യത്തെ നിങ്ങൾ ഉൾക്കൊള്ളുന്നത് എപ്രകാരമാണ്? (മത്തായി 6:33)

### ദിനം 13: ദൈവം ലോകത്തെ ന്യായം വിധിക്കും

**അപ്പ 17:30–31**
30കഴിഞ്ഞ കാലങ്ങളിൽ ദൈവം അങ്ങനെയുള്ള അജ്ഞതയെ അവഗണിച്ചിരുന്നു; എന്നാൽ ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാവരും മാനസാന്തരപ്പെടണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു. 31ദൈവം, താൻ നിയോഗിച്ചിട്ടുള്ള ഒരു മനുഷ്യൻ മുഖാന്തരം ലോകത്തെ ന്യായം വിധിക്കാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു; അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതിലൂടെ, ഇതിനു തെളിവായ ഉറപ്പു നമുക്കു നല്കിയിരിക്കുകയുമാണ്.

മനുഷ്യന്റെ പാപത്തോടും അറില്ലായ്മയോടുമെല്ലാം നൂറ്റാണ്ടുകളോളം ദൈവം ക്ഷമ കാണിച്ചു. ഇതിനർത്ഥം മനുഷ്യർ കുറ്റക്കാരല്ല എന്നല്ല; പകരം ദൈവം തന്റെ ക്രോധം പിടിച്ചുവച്ചു എന്നതാണ്. സമയത്തിന്റെ പൂർണ്ണതയിൽ ദൈവം മനുഷ്യർക്കായി ഒരു രക്ഷകനെ അയച്ചു. തങ്ങളുടെ മൂഢമായ വഴികളിൽ നിന്നും മാനസാന്തരപ്പെട്ടു പിന്തിരിയാനായി ആ രക്ഷകൻ കല്പിക്കുന്നു. ലോകത്തെ ന്യായം വിധിക്കാനായി അവിടുന്ന് തിരിച്ചുവരും.

ഈ സന്ദേശത്തോടു മൂന്നു രീതിയിൽ പ്രതികരിക്കാനാകും:

1. പൗലോസിനെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്ത അക്കൂട്ടരിൽ ചിലരെപ്പോലെ.
2. താത്പര്യമുണ്ട് എന്നാൽ കൂടുതൽ കേൾക്കണം എന്നു പ്രതികരിച്ച ചിലരെപ്പോലെ
3. പൗലോസിന്റെ സന്ദേശം ഉൾക്കൊണ്ട്, യേശുവിൽ വിശ്വസിച്ച്, ആത്മരക്ഷപ്രാപിച്ച ചെറിയ ഒരു കൂട്ടത്തെപ്പോലെ

**പ്രായോഗികമായി:**
"ദൈവം ഈ ലോകത്തെ ന്യായം വിധിക്കും" എന്ന പ്രസ്താവന കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിലൂടെ കടന്നുപോകുന്നത് എന്താണ്?

**ദിനം 14: നിങ്ങളെ ഈ ലോകത്തിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നു**

**യോഹന്നാൻ 15:18-19**
18ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ അത് നിങ്ങൾക്കുമുമ്പേ എന്നെ വെറുത്തു എന്ന് ഓർത്തു കൊള്ളുക. 19നിങ്ങൾ ലോകത്തിനുള്ളവർ ആയിരുന്നെങ്കിൽ ലോകം നിങ്ങളെ സ്വന്തമെന്നു കരുതി സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകത്തിനുള്ളവരല്ല; ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ടാണു ലോകം നിങ്ങളെ വെറുക്കുന്നത്.

ക്രിസ്തുവിനെ നാം സ്വീകരിച്ചപ്പോൾ, ആത്മീകമായി നാം ഒരു പുതിയസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു: ഇപ്പോൾ നാം ക്രിസ്തുവിലുള്ളവരും, ലോകത്തിനില്ലാത്തവരുമാണ്. ഭൗതീകമായി നാം ഈ ലോകത്തിൽ ആണെങ്കിലും ആത്മീകമായി നാം ഈ ലോകത്തിനുള്ളവരല്ല.

സ്വർഗ്ഗീയ വിളിയിൽ നാം പങ്കുകാരായതിനാൽ (എബ്രായർ 3:1), ഈ ലോകത്തിന്റെ ആനന്ദങ്ങളിലും നിധികളിലുമൊന്നും നാം താത്പര്യമുള്ളവരല്ല. എന്നാൽ നാം ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടവരോ, ഈ ലോക ക്രമങ്ങൾക്കു വശംവദരാകാത്തവരോ ആണെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. ഈ ലോകത്തിൽ ഒരു നന്മയുമില്ല, പകരം സ്വർഗ്ഗീയ നന്മയിലേക്ക് മനസ്സർപ്പിച്ചവരാണു നാം എന്ന അർത്ഥത്തിൽ ജീവിക്കുന്നവരാണു നാം. വേറൊരു രീതിയിൽ പറഞ്ഞാൽ, നാം ഈ ലോകത്തെ കാണുന്നത് സ്വർഗ്ഗീയമായ ഒരുകാഴ്ചപ്പാടിലാണ്.

**പ്രായോഗികമായി:**
ഈ ലോകം നിങ്ങളെ സ്നേഹിക്കുന്നോ അതോ വെറുക്കുന്നോ? എന്തുകൊണ്ട്?

**ദിനം 15: ഈ ലോക ജീവിതം വെറുക്കണം**

**യോഹന്നാൻ 12:24-25**
24സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചാകുന്നുവെങ്കിലോ ധാരാളം വിളവുണ്ടാകും. 25സ്വന്തം ജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും; ഈ ലോകത്തിൽ സ്വന്തം ജീവനെ ദ്വേഷിക്കുന്നവൻ അതിനെ നിത്യജീവനുവേണ്ടി സൂക്ഷിക്കും.

സഹനം കൂടാതെ മഹത്വപ്രവേശനം ഇല്ല എന്ന ആത്മീയ സത്യത്തെ വരച്ചുകാട്ടുവാനായി യേശു ഇവിടെ ഈ വിത്തിന്റെ ഉപമ ഉപയോഗിക്കുന്നു. സഹനം കൂടാതെ ഫലപ്രദമായ ഒരു ജീവിതമില്ല, മരണം കൂടാതെ ജീവിതമില്ല, കീഴടങ്ങാതെ വിജയവുമില്ല. ഒരു വിത്തു തനിയേ ഇരുന്നാൽ അതു ബലഹീനമാണ് ഉപയോഗശൂന്യവുമാണ്. എന്നാൽ അതിനെ നടുമ്പോൾ അതു ശൂന്യമാവുകയും പുതിയ ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

വിത്ത് അഴിഞ്ഞ് അതിന്റെ ജന്മലക്ഷ്യം നിറവേറ്റുമ്പോൾ, അവിടെ സൗന്ദര്യവും വർദ്ധനയുമുണ്ട്. വിത്തിനു സംസാരശേഷി ഉണ്ടായിരുന്നെങ്കിൽ, ഭൂമിയുടെ തണുപ്പും ഇരുട്ടും നിറഞ്ഞ അറയിലേക്ക് അതിനെ ഉപേക്ഷിച്ചതിനെക്കുറിച്ച് പരാതി പറയുകയില്ലായിരുന്നു. വിത്തിന്റെ ജന്മലക്ഷ്യം സാക്ഷാത്കരിക്കാൻ ഇപ്രകാരമുള്ള ഏക വഴിയേ അതിനു മുന്നിലുള്ളൂ.

**പ്രായോഗികമായി:**
"ഈ ലോക ജീവിതം വെറുക്കണം" എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്കു വരുന്ന ചിന്തകൾ എന്തൊക്കെയാണ്?

**ദിനം 16: ഈ ലോകവ്യവസ്ഥയ്ക്ക് അനുരൂപപ്പെടരുത്**

**റോമർ 12:1–2**
1ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം മൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇതത്രേ നിങ്ങളുടെ ആത്മീയാരാധന 2ഈ ലോകവ്യവസ്ഥയ്ക്ക് അനുരൂപരാകാതെ, മനസ്സിന്റെ പുതുക്കത്തിലൂടെ നിങ്ങൾ രൂപാന്തരപ്പെടുവിൻ. അപ്പോൾ നല്ലതും പ്രസാദകരവും പരിപൂർണ്ണവുമായ ദൈവഹിതം എന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ നിങ്ങൾ പ്രാപ്തരാകും.

"ജീവനുള്ള ബലിയായി" നമ്മുടെ ശരീരത്തെ എപ്രകാരം അർപ്പിക്കാനാകും? ഈ ലോകത്തിന്റെ ക്രമങ്ങൾക്ക് അനുരൂപമാകാതെ ജീവിക്കുന്നതിനെക്കുറിച്ചാണോ ഇവിടെ പറയുന്നത്?

രണ്ടു വാക്കുകളെക്കുറിച്ചു ചിന്തിക്കുക – "അനുരൂപം", "രൂപാന്തരം". നിങ്ങളുടെ വ്യക്തിപരമായ ജീവിതം പരിഗണിക്കുമ്പോൾ ഈ വാക്കുകളിൽ ഏതിനോടാണ് കൂടുതൽ ചായ്വ് കാണുന്നത്? നിങ്ങളുടെ മിനിസ്ട്രിയുടെതോ? നിങ്ങളുടെ സഭയുടേതോ?

**പ്രായോഗികമായി:**
നിങ്ങളുടെ മനസ്സ് അവസാനമായി രൂപാന്തരം പ്രാപിച്ച സമയം ഓർമ്മിക്കുക; അന്ന് നിങ്ങളെ അതിനു സജ്ജമാക്കിയത് എന്താണ്?

**ദിനം 17: ലോകത്തെ സ്നേഹിക്കരുത്**

**1 യോഹന്നാൻ 2:15–17**
15ലോകത്തെയോ ലോകത്തിലുള്ള യാതൊന്നിനെയുമോ സ്നേഹിക്കരുത്. ഒരാൾ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അയാളിൽ ഇല്ല. 16എന്തെന്നാൽ ലോകത്തിലുള്ള സകലവും – ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയെല്ലാംതന്നേ – പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നാണു വരുന്നത്. 17ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകുന്നു; എന്നാൽ ദൈവഹിതം ചെയ്യുന്ന മനുഷ്യൻ എന്നേക്കും ജീവിക്കുന്നു.

ദൈവസ്നേഹത്തോടുള്ള നിങ്ങളുടെ പ്രതികരണത്തെ മാത്രമല്ല ലൗകീകത ബാധിക്കുന്നത്, ദൈവഹിതത്തോടുള്ള നിങ്ങളുടെ പ്രതികരണത്തെയും കൂടിയാണ്.

ഈ രണ്ടു ഘടകങ്ങൾ കൂട്ടിവയ്ക്കുമ്പോൾ, ലൗകികതയെക്കുറിച്ചുള്ള ഒരു പ്രായോഗിക നിർവ്വചനം രൂപപ്പെടുത്താൻ നമുക്കു സാധിക്കുന്നു: സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം ആസ്വദിക്കുന്നതിൽ നിന്നും ഒരു ക്രിസ്ത്യാനിയെ തടഞ്ഞുനിർത്തുന്നതെന്തോ, ദൈവഹിതം നിറവേറ്റാനുള്ള താത്പര്യത്തിൽ നിന്ന് അയാളെ തടസ്സപ്പെടുത്തുന്നതെന്തോ അതാണ് ലൗകീകത – ഇതു നാം ഒഴിവാക്കണം.

പിതാവിന്റെ സ്നേഹത്തോടുള്ള നിങ്ങളുടെ പ്രതികരണവും (നിങ്ങളുടെ ഭക്തിജീവിതം), നിങ്ങളുടെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്നതും (നിങ്ങളുടെ അനുദിന പ്രവൃത്തികൾ) ആണ് നിങ്ങളുടെ ജീവിതത്തിലെ ലൗകീകതയെ പരീക്ഷിച്ചറിയുന്ന രണ്ടു പരീക്ഷകൾ.

**പ്രായോഗികമായി:**
പിതാവിന്റെ സ്നേഹം നിങ്ങൾ എത്രമാത്രം ആസ്വദിക്കുന്നുണ്ട്? ദൈവഹിതം നിറവേറ്റുന്നതിൽ നിങ്ങളെ തടസ്സപ്പെടുത്തുന്നത് എന്താണ്?

**ദിനം 18: ലോകത്തിന്റെ മാലിന്യം ഏല്ക്കാതെ സ്വയം സൂക്ഷിക്കുക**

**യാക്കോബ് 1:26–27**
26ആരെങ്കിലും തന്നെത്തന്നേ ഭക്തൻ എന്നു കരുതുകയും അതേ സമയം തന്റെ നാവിനു കടിഞ്ഞാൺ ഇടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഹൃദയത്തെ വഞ്ചിക്കുകയാണ്; അയാളുടെ ഭക്തി നിഷ്പ്രയോജനമത്രേ. 27പിതാവായ ദൈവത്തിന്റെ ദൃഷ്ടിയിൽ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ സന്ദർശിക്കുന്നതും ലോകത്തിന്റെ മാലിന്യം ഏല്ക്കാതെ സ്വയം കാത്തുകൊള്ളുന്നതും ആകുന്നു.

വചനം കേൾക്കുന്നതുകൊണ്ടു മാത്രം ഒരാൾ യഥാർത്ഥ മതാനുയായി ആകുന്നില്ല, പകരം വചനം അനുസരിക്കുന്നതിലൂടെയാണ്. നമ്മുടെ ജീവിതരീതിയിലേക്കും മറ്റുള്ളവരോടുള്ള നമ്മുടെ പ്രവൃത്തികളിലേക്കും വചനം കടന്നുവന്നില്ലെങ്കിൽ, ദൈവത്തോടൊത്തുള്ള നമ്മുടെ ജീവിതത്തിന് അർത്ഥമില്ല.

ലഘുവും പ്രായോഗികവുമായ രീതികളിൽ നമ്മുടെ യഥാർത്ഥഭക്തിജീവിതം പ്രായോഗികമായി പ്രകടിപ്പിക്കപ്പെടുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ കരുതുകയും, ഈ ലോകത്തിന്റെ മാലിന്യങ്ങൾ ഏല്ക്കാതെ സ്വയം സംരക്ഷിക്കുന്നതും ഈ ജീവിതത്തിന്റെ മുഖമുദ്രകളാണ്.

**പ്രായോഗികമായി:**
ആവശ്യത്തിലുള്ളവരെ സഹായിക്കാനും മറ്റുള്ളവരെ പ്രചോദിപ്പിക്കാനുമായി സമയം കണ്ടെത്തുക

**ദിനം 19: ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വമാണ്.**

**യാക്കോബ് 4:4-6**
4ദൈവത്തെ ത്യജിച്ച അവിശ്വസ്തരേ, ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വമാണെന്നു നിങ്ങൾ അറിയുന്നില്ലേ? അതിനാൽ ലോകത്തിന്റെ സ്നേഹിതനാകാൻ ആഗ്രഹിക്കുന്നവൻ ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. 5"ദൈവം നമ്മിൽ നിവസിപ്പിച്ചിരിക്കുന്ന ആത്മാവിന്റെ വാഞ്ഛ അതിതീക്ഷ്ണ മാണ്" എന്ന തിരുവെഴുത്തു വ്യർത്ഥമെന്നു നിങ്ങൾ ചിന്തിക്കുന്നുവോ? 6അവിടുന്ന് നമുക്ക് അധികം കൃപ നല്കുന്നു. "ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു; താഴ്മയുള്ളവർക്കോ കൃപനല്കുന്നു" എന്നു തിരുവെഴുത്തു പറയുന്നത് അതുകൊണ്ടത്രേ.

ലോകത്തോടുള്ള സ്നേഹത്തെ അവഹിതവേഴ്ചയോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. വിശ്വാസിയായ ഒരാൾ ക്രിസ്തുവുമായി വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു (റോമർ 7:4). അതിനാൽ അയാൾ യേശുവിനോട് വിശ്വസ്തതയിൽ ജീവിക്കണം. ആത്മീയവ്യഭിചാരത്തെക്കുറിച്ച് ഈ ലേഖനത്തിൽ പറയുമ്പോൾ അതു കേൾക്കുന്ന യഹൂദമതപശ്ചാത്തലത്തിൽ നിന്നുമുള്ള വിശ്വാസികൾക്ക് ഇക്കാര്യം പെട്ടെന്ന് ബോധ്യപ്പെടും, കാരണം യെഹെസ്കേൽ, യിരമ്യ, ഹോശിയ മുതലായ പ്രവാചകർ ഈ വാക്കുപയോഗിച്ച് യൂദാദേശ ത്തിന്റെ പാപത്തെ ശകാരിച്ചിട്ടുണ്ട്. മറ്റു ദേശക്കാരുടെ പാപകരമായ രീതികൾ ഉൾക്കൊള്ളുകയും, അവരുടെ ദേവന്മാരെ ആരാധിക്കുകയും ചെയ്തുകൊണ്ട് യൂദാദേശം ദൈവത്തിനെതിരെ പാപം ചെയ്തു.

ഈ ലോകം ദൈവത്തിന്റെ ശത്രുവാണ്. ഈ ലോകത്തിന്റെ സുഹൃത്താകാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ദൈവത്തിന്റെ സുഹൃത്താകാൻ സാദ്ധ്യമല്ല. മാസംത്തിന്റെ ഇച്ഛകൾക്കനുസരിച്ചു ജീവിക്കുമ്പോഴും ദൈവത്തിന്റെ സുഹൃത്താകാൻ സാധിക്കില്ല.

**പ്രായോഗികമായി:**
നാം ദൈവത്തിന്റെ സുഹൃത്താണോ? മികച്ചരീതിയിൽ ദൈവത്തിന്റെ സുഹൃത്താകാൻ നമുക്ക് എപ്രകാരമെല്ലാം സാധിക്കും?

**ദിനം 20: ലോകത്തിന്റെ മലിനതകളിൽനിന്നും രക്ഷപെടുക**

**2 പത്രോസ് 1:3-4**
3തന്റെ മഹത്ത്വത്താലും ശ്രേഷ്ഠതയാലും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പരിജ്ഞാനത്തിലൂടെ അവിടുത്തെ ദിവ്യശക്തി നമ്മുടെ ജീവിതത്തിനും ഭക്തിക്കും വേണ്ടതെല്ലാം നമുക്കു നല്കിയിരിക്കുന്നു. 4അതേ മഹത്ത്വത്താലും ശ്രേഷ്ഠതയാലും അവിടുന്ന് തന്റെ മഹനീയവും അമൂല്യവുമായ വാഗ്ദാനങ്ങളും നമുക്കു നല്കിയിരിക്കുകയാണ്. ഇവയാൽ നിങ്ങൾ ദുർമ്മോഹത്താൽ ഉണ്ടാകുന്ന ലോകത്തിലെ മാലിന്യങ്ങളിൽനിന്നു വിമുക്തരായിട്ട് ദിവ്യസ്വഭാവത്തിൽ പങ്കാളികളായിത്തീരുന്നു.

മലിനതകളെ ഇഷ്ടപ്പെടുന്ന വ്യക്തികളാണോ നമ്മൾ? അതോ മലിനതകളിൽ നിന്നും രക്ഷപെടാൻ ആഗ്രഹിക്കുന്നുവോ? എന്തൊക്കെ കാര്യങ്ങളാണ് മലിനതകൾക്കു കാരണമാകുന്നത്?

മലിനതകളിൽനിന്നും രക്ഷപെടാൻ നമുക്ക് എപ്രകാരം സാധിക്കും? ദൈവീകജീവിതം നയിക്കുവാനായി ദൈവം നമുക്കു നല്കിയിരിക്കുന്നത് എന്തൊക്കെ സംഗതികളാണ്?

**പ്രായോഗികമായി:**
നാം ഇന്നു കടന്നുപോകുന്ന ചില ദുരാഗ്രഹങ്ങൾ എന്തൊക്കെയാണ്? ഇത്തരം ദുരാഗ്രഹങ്ങളെ എതിരിടാനായി ദൈവം നല്കിയിരിക്കുന്ന ചില വാഗ്ദാനങ്ങൾ എന്തൊക്കെയാണ്?

**ദിനം 21: ലോകത്തെ ജയിക്കുക**

**1 യോഹന്നാൻ 5:3-5**
3ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നതുതന്നെയാണ് ദൈവത്തോടുള്ള സ്നേഹം. അവിടുത്തെ കല്പനകൾ ഭാരമുള്ളവയല്ല. 4ദൈവത്തിൽനിന്നും ജനിച്ച ഏതൊരുവനും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയം ഇതാണ് - നമ്മുടെ വിശ്വാസം തന്നേ. 5യേശു ദൈവപുത്രനെന്നു വിശ്വസിക്കുന്നവനല്ലാതെ ലോകത്തെ ജയിക്കുന്നവൻ ആര്?

സ്നേഹത്തിൽ നാം പക്വതപ്രാപിക്കുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങളിൽ ഒന്ന് വേദപുസ്തകത്തോടു നമുക്കുള്ള സ്നേഹമാണ്. കാരണം, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം ബൈബിളിൽ നമുക്കു കണ്ടെത്താൻ കഴിയുന്നു. രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയെസംബന്ധിച്ച് ബൈബിൾ ഒരു ദുർഗ്രഹമായ പുസ്തകമാണ്. കാരണം, അതിലെ ആത്മീയ സന്ദേശം ഉൾക്കൊള്ളാൻ അവനു കഴിയുന്നില്ല.

പക്വതപ്രാപിക്കാത്ത ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് വേദപുസ്തകത്തിലെ കല്പനകൾ ഭാരമേറിയവയാണ്. കുട്ടികൾ അവരുടെ വളർച്ചാ കാലഘട്ടത്തിൽ സദാ ചോദിക്കുന്ന ഒരു ചോദ്യവുമായിട്ടാണ് ഇവരെ കാണാനാകുന്നത് - "ഞാൻ എന്തിന് ഇത് അനുസരിക്കണം?" അല്ലെങ്കിൽ "അനുസരിച്ചില്ലെങ്കിൽ എന്തു സംഭവിക്കാനാ?" എന്നാൽ പരിപക്വതവരുത്തുന്ന ദൈവസ്നേഹം അനുഭവിച്ചിട്ടുള്ള ഒരാളെസംബന്ധിച്ച് ദൈവവചനം ആസ്വാദ്യമാണ്, അവൻ വചനത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

**പ്രായോഗികമായി:**
ആളുകൾ ഭാരമേറിയതായി പരിഗണിക്കുന്ന ചില ബൈബിൾ കല്പനകൾ ഏവയാണ്?
ലോകത്തെ ജയിക്കുക എന്ന വാക്യത്തെ നിങ്ങൾ മനസ്സിലാക്കുന്നത് എപ്രകാരമാണ്?

**ദിനം 22: ലോകം മുഴുവൻ ദുഷ്ടന്റെ അധീനതയിലാണ്**

**1 യോഹന്നാൻ 5:18-20**
18ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല എന്നു നമുക്കറിയാം. ദൈവപുത്രൻ അവനെ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല. 19നാം ദൈവത്തിൽനിന്നുള്ളവരാണെന്നും ലോകം മുഴുവൻ ദുഷ്ടന്റെ അധീനതയിലാണെന്നും നാം അറിയുന്നു. 20ദൈവപുത്രൻ വന്ന്, സത്യമായവനെ നാം അറിയേണ്ടതിന്, നമുക്കു പരിജ്ഞാനം നല്കിയിരിക്കുന്നുവെന്നും, നാം സത്യമായവനിൽ - അവിടുത്തെ പുത്രനായ യേശുക്രിസ്തുവിൽത്തന്നേ - ആകുന്നുവെന്നും നാം അറിയുന്നു. അവിടുന്നു സത്യദൈവവും നിത്യജീവനും ആകുന്നു.

എപ്രകാരമാണ് ഒരു വിശ്വാസിക്ക് പാപം ചെയ്യാതിരിക്കാൻ സാധിക്കുന്നത്? സാത്താന്റെ കരങ്ങൾക്കു കീഴിൽ അകപ്പെടാതിരിക്കത്തക്കവണ്ണം ക്രിസ്തുയേശുതന്നെ അവനെ സംരക്ഷിക്കുന്നു. *ദൈവപുത്രൻ (യേശു) അവനെ (വിശ്വാസിയെ) സൂക്ഷിക്കുന്നു; ദുഷ്ടൻ (സാത്താൻ) അവനെ തൊടുന്നതുമില്ല.*

ദൈവത്തിന്റെ അനുമതികൂടാതെ ഒരു വിശ്വാസിയെയും തൊടാൻ സാത്താനു കഴിയില്ല. സാത്താൻ നമ്മെ ആക്രമിക്കുമ്പോൾ, ദൈവം അവന് അതിനുള്ള അനുമതി നല്കിയിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ദുഷ്ടനായവന് ദൈവം അനുമതി നല്കുമ്പോൾ, അവന്റെ കീഴിൽ അകപ്പെടാതിരിക്കാനുള്ള ശക്തി ദൈവം നമുക്കും നല്കുന്നു. കാരണം, നമുക്ക് അതിജീവിക്കാൻ കഴിയാത്ത രീതിയിൽ നമ്മെ പരീക്ഷിക്കാൻ ദൈവം ആരെയും അനുവദിക്കുന്നില്ല.

**പ്രായോഗികമായി:**
സാത്താൻ സമീപിച്ചിരിക്കുന്നു എന്ന് നമുക്കറിയാവുന്ന ആളുകളെക്കുറിച്ച് പ്രാർത്ഥിക്കുക, ദൈവത്തെ അവർക്കുകാണിച്ചുകൊടുക്കാൻ കുറച്ചു പ്രയത്നിക്കുകയും ചെയ്യുക.

**ദിനം 23: എതിർക്രിസ്തുവിന്റെ ആത്മാവ് ഇപ്പോൾത്തന്നെ ലോകത്തിൽ ഉണ്ട്**

**1 യോഹന്നാൻ 4:1-3**
1പ്രിയരേ, അനേകം കള്ളപ്രവാചകർ ലോകത്തിലേക്കു കടന്നിട്ടുള്ളതിനാൽ ഏത് ആത്മാവിനെയും
വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നറിയേണ്ടതിന് അവയെ ശോധന
ചെയ്‌വിൻ. 2ദൈവാത്മാവിനെ ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന്
ഏറ്റുപറയുന്ന ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളതാകുന്നു. 3യേശുവിനെ ഏറ്റുപറയാത്ത
ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവാകുന്നു. അതു
വരുന്നുവെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾത്തന്നെ അതു ലോകത്തിലുണ്ട്. 4കുഞ്ഞുങ്ങളേ, നിങ്ങൾ
ദൈവത്തിൽനിന്നുള്ളവരാണ്; അവരെ നിങ്ങൾ ജയിച്ചുമിരിക്കുന്നു. എന്തുകൊണ്ടെന്നാൽ
നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനല്ലോ.

തിരുവചനങ്ങളുമായി അടുത്ത് ഇടപഴകുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ച് അപ്പസ്തോലന്മാർ നല്കിയ പഥ്യോപദേശങ്ങളുമായി ചേരുന്നതെന്തെന്നും അവയ്ക്കു വിരുദ്ധമായത് എന്തെന്നും വകതിരിച്ച് അറിയാൻ സാധിക്കുന്നു.

ലോകത്തിന്റെ ദർശനങ്ങൾക്കും രുചികൾക്കും ചേരുന്നതനുസരിച്ചും, നശ്വരനായ മനുഷ്യന്റെ പ്രീതിക്കനുസരിച്ചുമാണ് വ്യാജ ഉപദേഷ്ടാക്കൾ ലോകത്തെക്കുറിച്ചു സംസാരിക്കുന്നത്. ലോകം അവരെ അംഗീകരിക്കുന്നു, അവർക്ക് വലിയ വളർച്ച ഉണ്ടാകുന്നു, അവരെപ്പോലെയുള്ള അനേകക്കണക്കിന് അനുയായികൾ അവരോടു ചേരുന്നു. ഈ ലോകം അതിനുള്ളവയെ സ്നേഹിക്കുന്നു, അതിനുള്ളവർ ലോകത്തെ സ്നേഹിക്കുകയും ചെയ്യുന്നു.

**പ്രായോഗികമായി:**
നിങ്ങളുടെ ചുറ്റും കണ്ടുവരുന്ന ചില വ്യാജ ഉപദേശങ്ങൾ എന്തൊക്കെയാണ്? അവയെ എതിർക്കുവാനുള്ള വചനങ്ങൾ ഏതൊക്കെയാണ്?

**ദിനം 24: ലോകത്തിന്റെ ആദ്യ പാഠങ്ങളുടെയും മാർഗ്ഗം**

**കൊലോസ്യർ 2:8, 20-21**
8തത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ട് ആരും നിങ്ങളെ വശീകരിച്ച് അടിമപ്പെടുത്തരുത്. അത്
ക്രിസ്തുവിന്റെയല്ല, മാനുഷിക പാരമ്പര്യത്തിന്റെയും ലോകത്തിന്റെ ആദ്യ പാഠങ്ങളുടെയും മാർഗ്ഗമാണ്.

20നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഈ ലോകത്തിന്റെ പ്രാഥമിക പ്രമാണങ്ങൾക്കു മരിച്ചുവെങ്കിൽ; ഇപ്പോഴും
ലൗകികരെപ്പോലെ 21തൊടരുത്! രുചിക്കരുത്! പിടിക്കരുത് എന്നിങ്ങനെയുള്ള ചട്ടങ്ങൾക്കു കീഴ്പെടു
ന്നതെന്തുകൊണ്ട്?

വ്യാജ ഉപദേഷ്ടാക്കൾ എപ്രകാരമാണ് മനുഷ്യരുടെ മനസ്സു കീഴടക്കുന്നത്? ഉത്തരം ലളിതമാണ്: കീഴടക്കപ്പെട്ട ഈ ആളുകൾ ദൈവവചനത്തിലെ സത്യത്തെ സംബന്ധിച്ച് അജ്ഞരാണ്. വ്യാജ ഉപദേഷ്ടാക്കളുടെ തത്വശാസ്ത്രത്തിലും പൊള്ളയായ മറിമായ കാഴ്ചകളിലും ഭ്രമിക്കപ്പെട്ടവരായി തീരുന്നു.

എന്താണ് പ്രധാനപ്പെട്ടത്? മനുഷ്യനിർമ്മിതമായ പാരമ്പര്യങ്ങളോ അതോ ദൈവം നല്കിയതും തിരുവചനത്തിൽ കാണുന്നതുമായ പഥ്യോപദേശങ്ങളോ? നമ്മുടെ കൂട്ടായ്മയിൽ പ്രധാനമായി കാണുന്നത് ഇതിൽ ഏതാണ്? ഒരു പുതിയവ്യക്തി കൂട്ടായ്മയിലേക്കു കടന്നുവരുമ്പോൾ കാണുന്നതെന്താണ്? സഭയിലെ ദൈവാത്മാവിന്റെ പ്രവൃത്തികളോ അതോ ഈ ലോകത്തിന്റെ അടിസ്ഥാനപ്രമാണങ്ങളും പാരമ്പര്യങ്ങളും സഭയിൽ ചലിക്കുന്നതോ?

**പ്രായോഗികമായി:**
ദൈവവചനത്തിനു വിരുദ്ധമായി നിലകൊള്ളുന്ന, ഈ ലോകത്തിലെ ചില അടിസ്ഥാനപ്രമാണങ്ങൾ എന്തൊക്കെയാണ്?

**ദിനം 25: ലോകത്തിന്റെ രീതിയിൽ പോരാടരുത്**

**2 കൊരിന്ത്യർ 10:3-5**
3ഞങ്ങൾ ലോകത്തിൽ ജീവിക്കുന്നവരെങ്കിലും ലോകരെപ്പോലെ പോരാടുന്നവരല്ല. 4പോരാട്ടത്തിനുള്ള ഞങ്ങളുടെ ആയുധങ്ങൾ ജഡികമല്ല, നേരെമറിച്ച്, കോട്ടകളെ തകർത്തുകളയുവാൻ തക്ക ദിവ്യശക്തി യുള്ളവയാണ്. 5ദൈവപരിജ്ഞാനത്തിനെതിരായി ഉയർന്നുവരുന്ന എല്ലാ വാദമുഖങ്ങളെയും ഉന്നത ഭാവങ്ങളെയും ഞങ്ങൾ ഇടിച്ചുകളയുകയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി ഏതു ചിന്തയെയും കീഴടക്കുകയും ചെയ്യുന്നു.

സഭ ഒരു യുദ്ധമുഖത്ത് പോരാട്ടത്തിൽ ഉൾപ്പെട്ടിരിക്കുകയാണ് എന്ന വാസ്തവം പല സഭാമക്കൾക്കും അറിയില്ല, ഈ പോരാട്ടത്തിന്റെ ഗുരുതരസ്വഭാവം മനസ്സിലാക്കുന്നവരിൽപോലും പോരാട്ടരീതിയെ ശരിയായി മനസ്സിലാക്കുന്നവർ കുറവാണ്. സാത്താന്റെ ശക്തികളെ തോല്പിക്കാനായി അവർ മനുഷ്യസഹജമായ മുറകൾ ഉപയോഗിക്കുന്നു, ഇത്തരം മുറകളെല്ലാം പരാജയത്തെ മുന്നിൽ കാണുന്ന മുറകളാണ്.

ദൈവപരിജ്ഞാനത്തിനെതിരായ ഇത്തരം വാദമുഖങ്ങളിലോ ഉന്നതഭാവങ്ങളിലോ ഒന്നിൽ നിങ്ങൾ ഉൾപ്പെട്ടിരിക്കുന്നുണ്ടോ?

**പ്രായോഗികമായി:**
ക്രിസ്തുവിനുമുന്നിൽ കീഴടക്കാൻ പറ്റാതെ മറുതലിക്കുന്ന എന്തെങ്കിലും ചിന്തകൾ നിങ്ങളിലുണ്ടോ?

**ദിനം 26: ഈ ലോകവഴികളെ പിന്തുടരരുത്**

**എഫേസ്യർ 2:1-3**
1അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായിരുന്ന നിങ്ങളെയും അവിടുന്ന് ഉയിർപ്പിച്ചു. 2അവയിൽ നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതി പിൻതുടർന്നു; ആകാശത്തിലെ അധികാരത്തിനും, അനുസരണംകെട്ടവരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെ അനുസരിച്ചു പോന്നു. 3അവരുടെ ഇടയിൽ നാമെല്ലാവരും മുമ്പു നമ്മുടെ ജഡമോഹങ്ങളിൽ ജീവിച്ചു, ജഡത്തിന്റെയും മനോവികാരങ്ങളുടെയും ഇഷ്ടം പ്രവർത്തിച്ചുകൊണ്ട്, മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.

അവിശ്വാസിയായ ഒരാൾ രോഗിയാണെന്നല്ല, അയാൾ മരിച്ചിരിക്കുന്നു. അവനെ പുനരുജ്ജീവിപ്പിക്കാൻ നാം ശ്രമിക്കേണ്ടതില്ല, അവനു വേണ്ടതു പുനരുത്ഥാനമാണ്. ആത്മാവുനഷ്ടപ്പെട്ട സകലപാപികളും മരിച്ചവരാണ്. ഒരു പാപിയിൽനിന്നും മറ്റൊരു പാപിയുമായുള്ള വ്യത്യാസം അവർ എത്രമാത്രം ചീഞ്ഞിട്ടുണ്ട് എന്നതാണ്.

ഒരു ശവശരീരം മറ്റൊന്നിനേക്കാൾ കൂടുതൽ ചീഞ്ഞിരിക്കുന്നു എന്നത് വലിയ വ്യത്യാസം പറയാവുന്ന കാര്യമല്ല. ഇപ്പറഞ്ഞതിന്റെയെല്ലാം അർത്ഥമെന്തെന്നാൽ, ഈ ലോകമെന്നത് ജീവിച്ചിരിക്കുമ്പോൾ തന്നെ ചീയുന്ന വലിയൊരു ആൾക്കൂട്ടത്തിന്റെ ശവപ്പറമ്പാണ്. നാം അവരിലൊരാളായിരുന്നു, എന്നാൽ നാം ഉയിർപ്പിക്കപ്പെട്ടു.

**പ്രായോഗികമായി:**
ക്രിസ്തുവിനുവേണ്ടി ഉയർപ്പിക്കപ്പെട്ട ഒരു വ്യക്തിയായി നമ്മെ മറ്റുള്ളവർക്കു കാണാൻ സാധിക്കുമോ? അപ്രകാരം പുനരുത്ഥാനം ചെയ്യപ്പെട്ടവരാണെന്ന രീതിയിൽ മറ്റുള്ളവർ നമ്മെ കാണുവാൻ എന്തുവ്യത്യാസമാണ് നാം വരുത്തേണ്ടത്?

**ദിനം 27: ഈ അന്ധകാരലോകത്തിലെ ശക്തികളോടാണ് നാം പോരാടുന്നത്**

**എഫേസ്യർ 6:10-12**
10ഒരുവിൽ, കർത്താവിലും അവിടുത്തെ മഹാബലത്തിലും ശക്തിപ്പെടുവിൻ. 11പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. 12നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, ഈ അന്ധകാരലോകത്തിന്റെ ഭരണകർത്താക്കളോടും അധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മശക്തികളോടും അത്രേ.

നാം പോരാടുന്നത് മനുഷ്യരോടല്ല എന്നതാണ് ഇവിടുത്തെ പ്രധാന പ്രതിപാദ്യം. പോരാട്ടം ആത്മീയ ശക്തികളോടാണ്. ദൈവത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും, മനുഷ്യരെ അടിമപ്പെടുത്തുകയും ചെയ്യുന്ന സാത്താനോടു പൊരുതുന്നതിനു പകരം മനുഷ്യരോടു പോരാടി നാം നമ്മുടെ സമയം പാഴാക്കിക്കളയുകയാണ്.

ആത്മീയ ലോകത്തിലെ ശക്തികളോടു നാം പോരാടുന്നതുകൊണ്ട് നമുക്ക് അതിനായി സവിശേഷമായ ആയുധവർഗ്ഗവും ധരിക്കേണ്ടതുണ്ട് – ആക്രമണത്തിനും സ്വയരക്ഷയ്ക്കും. അതിനായി മുഴുവൻ ആയുധവർഗ്ഗവും ദൈവം നമുക്കായി നല്കിയിട്ടുണ്ട്, ആയുധവർഗ്ഗത്തിൽ ഒന്നുപോലും എടുക്കാൻ നാം മറക്കരുത്. ആയുധം ധരിച്ചു സംരക്ഷിക്കാത്ത ആ മേഖലതന്നെയായിരിക്കും സാത്താൻ ലക്ഷ്യമിടുന്നത്.

**പ്രായോഗികമായി:**
എഫേസ്യർ 6:13-18 വായിക്കുക, നിങ്ങളുടെ ആത്മീയ യാത്രയിൽ ആയുധം ധരിച്ചു സുരക്ഷിതമാക്കാത്ത മേഖലകൾ ഏതെന്നു പരിശോധിക്കുക.

**ദിനം 28: ലോകമെങ്ങുമുള്ള സഹോദരർ കഷ്ടതകൾ അനുഭവിക്കുന്നു**

**1 പത്രോസ് 5:8-10**
8ആത്മനിയന്ത്രണം ഉള്ളവരായിരിപ്പിൻ. ജാഗ്രത പുലർത്തുവിൻ, നിങ്ങളുടെ ശത്രുവായ പിശാച് അല
റുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്നു തിരഞ്ഞുകൊണ്ടു ചുറ്റി നടക്കുന്നു. 9വിശ്വാസ
ത്തിൽ സ്ഥിരതയുള്ളവരായി പിശാചിനോട് എതിർത്തു നില്പിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോ
ദരർ ഇതേ വിധത്തിലുള്ള കഷ്ടതകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു എന്ന് അറിയുവിൻ.
10ക്രിസ്തുവിലുള്ള തന്റെ നിത്യതേജസ്സിനായി നിങ്ങളെ വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ
ദൈവംതന്നെ, നിങ്ങൾ അല്പകാലത്തേക്കു കഷ്ടംസഹിച്ചശേഷം നിങ്ങളെ പരിപൂർണ്ണരാക്കുകയും
ഉറപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്യും.

നമ്മുടെ ആത്മീയ യുദ്ധത്തിൽ നാം ഒരിക്കലും ഒറ്റക്കല്ല പോരാടുന്നത്. യേശുവിലുള്ള നമ്മുടെ സഹോദരീസഹോദരന്മാർ പോരാടുകയും പോരാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സർപ്പമെന്ന നിലയിൽ സാത്താൻ ചതിക്കുകയും, സിംഹമെന്ന നിലയിൽ സാത്താൻ കൊന്നുതിന്നുകയും ചെയ്യുന്നു.

വലിയ അപകടകാരിയായ ഒരു ശത്രുവാണ് സാത്താൻ. നാം പ്രതീക്ഷിക്കുകയേ ചെയ്യാത്ത സമയത്ത് അവൻ നമ്മെ കടിച്ചുകീറുന്നു. അവൻ കുശാഗ്രബുദ്ധിക്കാരനും ശക്തനുമാണ്, വലിയൊരു ദുഷ്ടസംഘം അവന്റെ പരിചാരകരായുണ്ട്, ദൈവമക്കൾക്കെതിരെ ആക്രമണം അഴിച്ചുവിടുവാനായി.

നാം ഉണർന്നിരിക്കേണ്ടതുണ്ട്, ആത്മനിയന്ത്രണമുള്ളവരായിരിക്കേണ്ടതുണ്ട്, സാത്താനെ എതിർക്കേണ്ടതുണ്ട്, വിശ്വാസത്തിൽ ഉറച്ചു നില്ക്കേണ്ടതുണ്ട്.

**പ്രായോഗികമായി:**
സാത്താൻ നിങ്ങളെ കടിച്ചുകീറാനായി ഉദ്യമിച്ച സമയങ്ങളെക്കുറിച്ച് ഓർക്കുക, അവനിൽനിന്നും നിങ്ങളെ വിടുവിച്ചതിന് ദൈവത്തോടു നന്ദിപറയുക.

**ദിനം 29: ലോകമെങ്ങും സുവിശേഷം ഫലം പുറപ്പെടുവിക്കുന്നു**

**കൊലോസ്യർ 1:6**
ആ സുവിശേഷം ലോകത്തിൽ എല്ലായിടത്തും എന്നപോലെ നിങ്ങളുടെ അടുക്കലും എത്തി; നിങ്ങൾ അതു കേൾക്കുകയും ദൈവകൃപ യഥാർത്ഥമായി ഗ്രഹിക്കുകയും ചെയ്ത നാൾമുതൽ സർവ്വലോകത്തിലും എന്നപോലെ നിങ്ങളുടെ ഇടയിലും അതു ഫലം പുറപ്പെടുവിച്ചും വളർന്നും കൊണ്ടിരിക്കുന്നു.

ക്രിസ്തീയ പദസഞ്ചയത്തിലെ രണ്ടുവാക്കുകൾ വലിയ രീതിയിൽ തനതായ അർത്ഥത്തിൽ എടുക്കാതെ വരുന്നുണ്ട് – കൃപ, കരുണ എന്നീ വാക്കുകളാണ് ഇവ. എനിക്ക് അർഹമല്ലാത്ത കാര്യങ്ങൾ ദൈവം തന്റെ കൃപയാൽ എനിക്കു നല്കുന്നു; എന്നിരുന്നാലും എനിക്ക് അർഹമായ കാര്യങ്ങൾ ദൈവം തന്റെ കരുണയാൽ നല്കാതിരിക്കുന്നു.

അർഹിക്കാത്ത പാപികൾക്കായി ദൈവം നല്കുന്ന നന്മയാണ് അവിടുത്തെ കൃപ. സുവിശേഷത്തെ സദ്വാർത്ത എന്നു വിളിക്കുന്നത് ഈ കൃപയാലാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സകലരെയും

രക്ഷിക്കാനുള്ള മനസ്സും ശക്തിയും ദൈവത്തിനുണ്ട്.

ലോകത്തിൽ എല്ലായിടത്തും സുവിശേഷം ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു.

**പ്രായോഗികമായി:**
സുവിശേഷം നിങ്ങളിലൂടെ ഫലം പുറപ്പെടുവിച്ച സമയങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ സമയങ്ങളെ ഓർത്ത് ദൈവത്തിനു നന്ദികരേറ്റുക.

**ദിനം 30: നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു.**

**മത്തായി 5:14-16**
14നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമുകളിലുള്ള പട്ടണത്തിനു മറഞ്ഞിരിക്കുവാൻ സാധ്യമല്ല.
15വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പിന്നെയോ തണ്ടിന്മേൽ വയ്ക്കുകയും അതു
വീട്ടിലുള്ള എല്ലാവർക്കും പ്രകാശം നല്കുകയും ചെയ്യുന്നു. 16അതുപോലെ, മനുഷ്യർ നിങ്ങളുടെ
സൽപ്രവൃത്തികൾ കണ്ടു നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ
വെളിച്ചം അവരുടെ മുന്നിൽ പ്രകാശിക്കട്ടെ.

നാം ലോകത്തിന്റെ പ്രകാശമാകുന്നു എന്നു പറയുമ്പോൾ, നാം പ്രകാശം സ്വീകരിക്കുന്നവർ മാത്രമല്ല, പ്രകാശം പകരുന്നവരുമാണ്. നമ്മുടെ കാര്യങ്ങളെക്കുറിച്ചു ബോധവാനായിമാത്രം നാം ജീവിക്കരുത്, നമുക്കുവേണ്ടി മാത്രമായി നാം ജീവിക്കുകയുമരുത്; നാം വെളിച്ചം പകർന്നു നല്കുന്ന വ്യക്തികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം, അതു നാം സ്നേഹമസൃണമായി ചെയ്യുകയും വേണം.

ഒരു സ്ഥലത്തുള്ള കാര്യങ്ങളെ വ്യക്തമാക്കുകയും കാണിച്ചുതരികയും ചെയ്യുകയാണ് വെളിച്ചം ചെയ്യുന്നത്. പ്രകാശം കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകണമെങ്കിൽ അതിനെ പരസ്യമാക്കി വയ്ക്കണം. ഒരു പറയുടെ കീഴിൽ മറച്ചുവച്ചുകഴിഞ്ഞാൽ പിന്നെ പ്രകാശം കൊണ്ട് യാതൊരു പ്രയോജനവുമില്ല.

**പ്രായോഗികമായി:**
നമ്മുടെ സദ്പ്രവൃത്തികൾകൊണ്ട് അനേകർ ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടതിനുവേണ്ടി, അത്തരം സദ്പ്രവൃത്തികൾ നാം എത്രയധികമായി ചെയ്യേണ്ടതുണ്ട്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില സദ്പ്രവൃത്തികൾ ഏവയാണ്? നിങ്ങൾക്കു ചെയ്യാൻ സാധിക്കുന്ന ചില സദ്പ്രവൃത്തികൾ ഏവയാണ്? കർത്താവിലുള്ള നിങ്ങളുടെ പ്രയത്നങ്ങൾ ഒന്നും വ്യർത്ഥമല്ല.